[Sri A. J. John]

വിലിരിക്കുന്നു. ഈ രണ്ടു ആക്ട്കളും ഒരുപോലെ ആക്കി രണ്ടു സംസ്ഥാനങ്ങളിലേക്കും ഒരുപോലെ ബാധിക്കുന്ന വിധത്തിൽ ഏകീകരിക്കണമെന്നാണ് ഇതിന്റെ ഉദ്ദേശം. കൊച്ചിൻ ആക്ടിലെ വ്യവസ്ഥകളും തിരുവിതാംകൂർ ആക്ടിലെ വ്യവസ്ഥകളും ചേർത്താണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബില്ലും ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. സെലക്ട് കമ്മിറ്റിയിലെ മെമ്പറന്മാർ.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള
,, നീലകണ്ഠരു പണ്ടാരത്തിൽ
,, ലോപ്പസ്
,, കെ. രാമകൃഷ്ണപിള്ള
,, പി. കെ. ഡീവർ
,, സബാസ്റ്റ്യൻ തോപ്പിൽ

ഇവർ ആയിരിക്കുന്നതാണ്. കോറം നാല്. ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം.

The motion that the Bill be referred accordingly to a Select Committee consisting of the above mentioned members was put and carried.

The Travancore-Cochin Revenue Recovery Bill

Minister for Finance and Revenue: **(Sri. A. J. John):** Sir, I beg to introduce the Travancore-Cochin Revenue Recovery Bill.

Chief Minister: **(Sri. T. K. Narayana Pillai):** I second it.

Mr. Speaker: The Bill is introduced.

ശ്രീ. എ. ജെ. ജോൺ: ഈ ബില്ലും ഒരു സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നാണ് എന്റെ അഭിപ്രായം. കുടിശ്ശിക റവന്യൂ ഈടാക്കുന്നതിനു തിരുവിതാംകൂറിൽ ക ാ ന്യവ-ലെ ഒന്നാം ആക്ട്ടും കൊച്ചിയിൽ ക ാ വ്യന-ലെ നാലാം ആക്ടായ കൊച്ചിൻ റവന്യൂ റിക്കവറി ആക്ട്ടും ആണുള്ളത്. റിക്കവറി ഈടാക്കുന്ന മാർഗ്ഗങ്ങളിൽ ചില വ്യത്യാസങ്ങളും ഉണ്ട്. തിരുവിതാംകൂറിൽ റവന്യൂ കുടിശ്ശിക വരുകയാണെങ്കിൽ ജപ്തിചെയ്ത വസ്തു ലേലത്തിൽ വിറ്റാൽ മാത്രമേ തുക ഈടാക്കുകയുള്ളൂ. കൊച്ചിയിൽ ഈ വ്യവസ്ഥയ്ക്കുപുറമെ നടപ്പാട്ടക്കാരനെ എൽപ്പിക്കുക എന്നൊരു വ്യവസ്ഥകൂടി ഉണ്ട്. വസ്തു ജപ്തിചെയ്തതിനുശേഷം ആ നടപ്പാട്ടക്കാരന്റെ കൈവശത്തിൽ എൽപ്പിക്കുകയും ഒരു ക്ലിപ്തകാലാവധിക്കുള്ളിൽ വസ്തു ഉടമസ്ഥൻ കുടിശ്ശിക കൊടുത്തു തീർക്കുകയാണെങ്കിൽ ആ വസ്തു തിരിയെ ഉടമസ്ഥനു നൽകുകയും ചെയ്യുന്നതാണ്. കളക്ട്ക്ക് നടപ്പാട്ടക്കാരൻ എത്രമാസംവരെ കൈവശം വച്ചുകൊണ്ടിരിക്കാമെന്ന് അധികാരപ്പെടുത്തുകയുംചെയ്യാം. കാലാവധിക്കകം ഉടമസ്ഥൻ കുടിശ്ശിക അടക്കുകയാണെങ്കിൽ ഉടമസ്ഥനു വസ്തു തിരികെ കിട്ടുന്നതാണ്. അതുകൊണ്ട് വസ്തു ലേലം ചെയ്യാതെതന്നെ സർക്കാരിനു കുടിശ്ശിക ഈടാക്കുകയും ഉടമസ്ഥനു വസ്തു നഷ്ടപ്പെടാതെ ഇരിക്കുകയുംചെയ്യുന്നതാണ്.

അങ്ങനെ നടപ്പാട്ടക്കാരനെ ഏൽപ്പിക്കുന്ന സന്ദർഭത്തിൽ സർക്കാരിനു കിട്ടേണ്ട കുടിശ്ശിക മുഴുവൻ ആ നടപ്പാട്ടക്കാരൻ അടച്ചുതീർക്കും. അങ്ങനെയാണ് കൊച്ചിയിലെ നിയമത്തിൽ വ്യവസ്ഥയുള്ളത്. ആ വ്യവസ്ഥകൂടി ഇതിൽ ചേർത്തിട്ടുണ്ട്. ഇതുമാത്രമാണ് പറയത്തക്കതായി ചെയ്തിട്ടുള്ള വ്യത്യാസം.

LIBRARY ARCHIVES Kerala Legislative Assembly

ഇതു സാധുക്കൾക്കു വളരെ ഉപകാരപ്രദമായ ഒരു വ്യവസ്ഥയുമാണു്. പിന്നീടുള്ളതെല്ലാംതന്നെ തിരുവിതാംകൂറിലെ റവന്യൂ റിക്കവറി ആക്ടിൽ ഉള്ളതാണു്. അതിനാൽ ഈ ബില്ലു് ഒരു സെലക്ടു് കമ്മിറ്റിക്കു് അയയ്ക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ ബില്ലിലെ സെക്ഷൻ 2-ൽ ക്ലാസ് 2 തിരുവിതാംകൂർ റവന്യൂ റിക്കവറി ആക്ടിൽ ഉള്ളതാണൊ?

ശ്രീ. എ. ജെ. ജോൺ: അല്ല. ഇതു് പുതുതായ ഒരു എക്സ്പ്ലനേഷനാണു്. മരിച്ചുപോയ ആൾക്കു് ഡിമാൻറ് നോട്ടീസയച്ചാൽ അയാൾ തിരുവിതാംകൂറിൽ താമസിക്കാത്ത ഒരാളാണെങ്കിൽ, അയാൾ മരിച്ച വിവരം റവന്യൂ അധികാരികൾക്കു് അറിഞ്ഞുകൂടാ എന്നുവരാം. അങ്ങനെ വരുമ്പോൾ അയാൾക്കുള്ള ഒരു ഡിമാൻറ് നോട്ടീസ് ആളില്ലാതെ നടത്തി എന്നു പറഞ്ഞു തിരികെ വരും. ഇതു് സാധുവായ ഒരു നടപടിയാണൊ എന്നു ഹൈക്കോടതിക്കുതന്നെ അഭിപ്രായവ്യത്യായമുണ്ടു്. അതുകൊണ്ടു് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ അവകാശികൾക്കുംകൂടി നടത്തുന്നതു് സാധുവായിരിക്കുമെന്നുകരുതിയാണു് ഈ വ്യവസ്ഥ വച്ചിട്ടുള്ളതു്. ഇങ്ങനെ ഒരു വ്യത്യാസം മാത്രമാണു് ഇതിനകത്തു വരുത്തിയിരിക്കുന്നതു്. അതിനാൽ ഈ ബിൽ ഒരു സെലക്ടുകമ്മിറ്റിക്കു് അയയ്ക്കണമെന്നും ആ സെലക്ടുകമ്മിറ്റി സാധാരണഗതിയിൽ ഇതിനെപ്പറ്റി റിപ്പോർട്ടുചെയ്യണമെന്നുമാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. ഇതിൽ താഴെ പറയുന്നവർ അംഗങ്ങളായിരിക്കും.

ശ്രീ. പാമ്പ തളിയത്തു്	ശ്രീ. കൊച്ചുകുഞ്ഞുപിള്ള
,, അബ്ദുൾമജീദ്	,, കെ. കരുണാകരൻ
,, കെ. കൊച്ചുകുട്ടൻ	ശ്രീമതി അന്നാ ജോസഫ്
,, ജി. പി. നീലകണ്ഠപ്പിള്ള	ശ്രീ. ആർ. അച്യുതൻ
,, എൻ. ഡി. ജോസഫ്	

ഇതിന്റെ കോറം നാലായിരിക്കുന്നതാണു്.

Sri. T. K. Narayana Pillai: I second it.

ശ്രീ. കളത്തിൽ വേലായുധൻ നായർ: റവന്യൂ റെക്കവറി ആക്ടു് ഇപ്പോഴത്തെ ഈ ബിൽ ഉൾപ്പെടുമോ എന്നു സംശയിക്കപ്പെടാവുന്നതും, റവന്യൂ റിക്കവറി നിയമം ബാധകമാകുമെന്നു മറ്റു നിയമങ്ങളിൽ വ്യാഖ്യാനിക്കപ്പെടാവുന്നതുമായ ചില സംഗതികളെ ചൂണ്ടിക്കാണിച്ചു് വേണ്ട ഭേദഗതികളും ഈ ബില്ലിൽ വരുത്തേണ്ടതാണെന്നു് ധരിപ്പിക്കുന്നതിനായിട്ടാണു് ഞാൻ രണ്ടു വാക്കു പറയുന്നതു്.

തിരുവിതാംകൂറിലെ ഹിന്ദു റിലിജിയസ് ഇൻസ്റ്റിട്യൂഷൻസ് ആക്ടിൽ, ദേവസ്വത്തിലേക്കുള്ള കരക്കുടിശ്ശികയെ സംബന്ധിച്ചിടത്തോളം റെവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കാം എന്നു വ്യവസ്ഥയുണ്ടു്. ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ റെവന്യൂ റിക്കവറി ആക്ടനുസരിച്ചു് കരക്കുടിശ്ശിക ഈടാക്കുന്നതിനുള്ള വ്യവസ്ഥയുണ്ടു്. എന്നാൽ കൊച്ചിയിൽ മുമ്പുണ്ടായിരുന്ന ഒരു പ്രൊക്ലമേഷൻ അനുസരിച്ചു് റവന്യൂ റിക്കവറി ആക്ടിലെ ഒരു വകുപ്പു് ദേവസ്വം ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതനുസരിച്ചു മാത്രമേ ഇന്നും കൊച്ചിയിൽ കുടിശ്ശിക ഈടാക്കിവരുന്നുള്ളു. എന്നാൽ കൊച്ചിയിൽ ദേവസ്വത്തിലേക്കുള്ള കരക്കുടിശ്ശിക ഈടാക്കുന്ന വിഷയത്തിൽ റെവന്യൂ റിക്കവറി ആക്ടുപ്രകാരമുള്ള നടപടികൾ നടത്തുന്നതിനു പ്രാ

LIBRARY ARCHIVES Kerala Legislative Assembly

[Sri Kalathil Velayudan Nair]

യോഗികമായ പല വൈഷമ്യങ്ങളുമുണ്ട്. റെവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥ ദേവസ്വത്തെ സംബന്ധിച്ചിടത്തോളം ഏതു തരത്തിലാണ് ആരാണ് നടപടി എടുക്കേണ്ടതെന്നും ഗവൺമെന്റുദ്യോഗസ്ഥന്മാരോ അതോ ദേവസ്വം അധികാരികളോ ആരാണ് അതു ചെയ്യേണ്ടതെന്നും ഉള്ളതു് ഒരു തർക്കവിഷയമാണ്. റെവന്യൂ റിക്കവറി ആക്ടനുസരിച്ചു നോക്കുമ്പോൾ ദേവസ്വം ഉദ്യോഗസ്ഥന്മാർക്ക് അധികാരം കൊടുക്കത്തക്കതല്ലെന്നുള്ള ഒരു വ്യാഖ്യാനവ്യത്യാസവും വരുന്നുണ്ട്. അതുകൊണ്ടു് ആരാണ് ഈ കടിശ്ശിക ഈടാക്കേണ്ടതെന്നുള്ള തർക്കം ഇതുവരെ തീർന്നിട്ടില്ല. ആ സ്ഥിതിക്കു് കൊച്ചി–തിരുവിതാംകൂറിൽ ഈ നടപടി മുമ്പോലെ ആയിരിക്കത്തക്കവിധത്തിൽ ഈ ബില്ലിൽതന്നെ അതിനുള്ള വ്യവസ്ഥ കൂടി ചെയ്യുന്നപക്ഷം കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള ദേവസ്വങ്ങളുടെ കടിശ്ശിക ഈടാക്കുന്ന വിഷയത്തിൽ ഇങ്ങനെയുള്ള തർക്കത്തിനവകാശമില്ല. അതിനാൽ കടിശ്ശിക ഈടാക്കുന്ന കാര്യത്തിൽ ഇവിടത്തെ ഹിന്ദു റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിൽ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ അതിലുള്ള വകുപ്പുകൂടി ഇതിൽ ഉൾപ്പെടുത്തുകയോ ചെയ്യേണ്ടതു് ആവശ്യമാണ്.

പബ്ലിക്ക് റവന്യൂവിൽ ദേവസ്വം കരക്കുടിശ്ശികകൂടി പെടും എന്നു ഹിന്ദു റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിൽ പറയുന്നുണ്ട്. അതുകൊണ്ട് ഇതിൽ പബ്ലിക്ക് റവന്യൂ ഈടാക്കുന്നതിനു റിക്കവറി ആക്ട് പ്രകാരമുള്ള ഒരു ഡെഫനീഷൻകൂടി ഉണ്ടായിരിക്കേണ്ടതാണ്. ഈ ആക്ടിൽ ഒരു കലക്ടർക്കുള്ള അധികാരങ്ങൾ ഗവൺമെന്റിൽനിന്നും നിശ്ചയിക്കുന്ന മറ്റുദ്യോഗസ്ഥന്മാർക്കും കൊടുക്കുവാനുള്ള വ്യവസ്ഥയുണ്ട്. അതിനാൽ ഗവൺമെന്റുദ്യോഗസ്ഥന്മാർക്കു മാത്രമേ കരക്കുടിശ്ശിക ഈടാക്കുവാൻ അധികാരമുണ്ടായിരിക്കുകയുള്ളു എന്നൊരു വ്യാഖ്യാനം വരുന്നു. അങ്ങനെ നോക്കുമ്പോൾ ഹിന്ദു റിലിജിയസ് ആക്ടിന്റെ വ്യവസ്ഥ പ്രയോഗത്തിൽ വരുത്തുവാൻ കുറച്ചു വൈഷമ്യം വരുന്നുണ്ട്. ഈവക സംഗതികളെല്ലാംകൂടി സെലക്ട്കമ്മിറ്റിയിൽ പ്രത്യേകം പഠിച്ചാലോചിച്ചു് ആവശ്യമായ ഭേദഗതികളും ഈ ബില്ലിൽ വരുത്തണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

Sri. D. Gnanasigamoni: Sir, while supporting the principle underlying this Bill, I wish to make a few observations.

This Bill is intended to replace the existing provisions in force in the Travancore and Cochin areas relating to the collection of land tax and several other Government dues and introduce in its place a comprehensive provision applicable to both the areas. The object is only to define the obligations of the taxpayer, the powers and responsibilities of the Revenue authorities and lay down the procedure to be adopted for the realisation of the revenue in cases where it is not punctually paid.

That the existing provisions are defective in many ways is a matter which cannot be denied. No doubt an honest attempt is made to cure the defects but all the same these defects continue as they were.

One serious defect often noticed in revenue recovery proceedings in the improper service of summons. As the recovery of dues is usually effected by the attachments and sale of moveable and immovable property, no owner will sleep over his obligation to pay the revenue due even after the acceptance of notice. As a matter of fact these services of notice are only a myth though it is prescribed that services of notices are to be done in the manner prescribed in the code of civil

LIBRARY ARCHIVES Kerala Legislative Assembly

procedure for serving summons on defendants. In fact it seems to be a universal practice in revenue recovery proceedings of serving the notice on deceased thandaper holders.

All these proceedings resulting in auction sale are subsequently set aside on the ground that the demand notice was taken in the name of a deceased person. This single fact alone will show that notices in revenue recovery proceedings are never properly served. As these setting aside proceedings happen long years after, the auction purchaser is put to considerable loss and damage for no fault of his.

It is to remedy this defect that explanations to clauses 7 and 24 are added. No doubt this to a great extent relieves the hardship caused to auction purchaser under the existing provisions, but the question is how far this change could be justified.

Firstly the framers of this Bill having made this change did not care to make corresponding changes in the other provisions of this Bill. For example under this Bill, as in the existing ones, notice can be served only in the manner prescribed by the Code of Civil Procedure for serving summons on defendants. But this kind of service is not contemplated under the provisions of the Civil Procedure Code. You have either to follow the procedure prescribed in the Civil Procedure Code or follow your own procedure here. You cannot have it both ways.

No appeal is provided for but only a revision to the Revenue Board as in the existing Act but a time limit has been fixed for the revision and there is no provision to condone delay. It will be found that in actual practice a considerable period elapses before a revision is filed due to the improper service of summons and there is no knowing to the real owner when his property has been sold. And in fact the sale sannad and delivery came into effect after a year. The one year rule will therefore work great hardship.

Another defect is the absence of any provision for impleading. In order that the proceeding started by one may be continued after his death there must be a provision for impleading. You follow in certain respects the Civil Procedure Code. It is necessary that there must be a provision to continue the proceeding and so the provisions of the C.P.C. may be made applicable to the extent possible.

Whether fresh evidence could be given before a revising authority in Revenue recovery proceedings and what are the powers of a revising authority are all matters which have got to be specifically provided for. The absence of these provisions have often worked great hardship.

Sri. Kalathil Velayudhan Nayar: Will it not be sufficient if a proviso is added, saying that an appeal may be treated as valid even if the person dies?

Sri. D. Gnanasigamoni: Recently a question arose where a fresh document could be filed before the revising authority. If the Bill is intended to be comprehensive enough, it is necessary that all these provisions may be added with advantage. Otherwise we only continue with the existing defects. So all the procedure that is followed in respect of the civil suit may be followed wherever it is possible under the Revenue Recovery Act. These are all the observations I have to make.

ശ്രീ. അമ്പാട്ട് ഇഗ്നേഷ്യസ്മേനോൻ: സർ, ഈ ബില്ല് വായിച്ചപ്പോൾ രണ്ടു വ്യക്തികൾക്ക് റവന്യൂ റിക്കവറി ആക്ട് അനുസരിച്ചുള്ള അധികാരം കൊടുത്തിരിക്കുന്നതു് തീരുമെന്നുകണ്ടു് ആശ്വാസമുണ്ടായിരുന്നു. ഒരിക്കലും അങ്ങനെ രണ്ടു വ്യക്തികൾക്ക് അധികാരം കൊടുക്കാൻ പാടില്ല. മുൻപാണെങ്കിൽ ഗവ ൺമെന്റിന്റെ കീഴിലായിരുന്ന ദേവസ്വ ങ്ങൾ. ഇപ്പോൾ അങ്ങനെ അല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ വേലായുധൻ നായർ: ദേവസ്വം ബോർഡിനു് കരക്കുടിശ്ശിക ഈടാക്കാനുള്ള അധികാരം കൊടുത്തുപോയതാണു്. അതു് ഇവിടെ ഒരു പ്രശ്നം ആകുന്നില്ലെന്നു അറിയാമോ?

ശ്രീ. അമ്പാട്ട ഇച്ചിരമേനോൻ: മേലാൽ പിരിക്കേണ്ടെന്നു് ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളതായി ബഹു. മെമ്പർക്കു് ഓർമ്മയുണ്ടോ? അവർ കുടിയാന്മാരെ ദ്രോഹിക്കുന്നതായി കേൾക്കുന്നു. പാലിയം കുടിയാന്മാരുടെ പരാതിയുടെ ആഘാതം വഹിച്ചുവരികയാണു്. പന്ത്രണ്ടു കൊല്ലത്തിനുമുമ്പു പാട്ടബാക്കിയുണ്ടെന്നുവെച്ചു ആവക കുടിശ്ശികകൾ ഈ അധികാരം ഉപയോഗിച്ചു പിരിക്കുന്നതിനു കണക്കുകെട്ടി ഇറങ്ങിയിട്ടുള്ളതായറിയുന്നു. എന്നെ എങ്ങിനെ കരുതുന്നുവോ അതേപ്പോലെ ഓരോ വ്യക്തിയായിട്ടേ ഇവരെയും കരുതാവൂ. അതുകൊണ്ടു് അങ്ങനെയുള്ള വ്യക്തികൾക്കു് അതിനുള്ള അധികാരം കൊടുക്കാൻ പാടില്ല. ആ അധികാരങ്ങൾ ഉടനെ പിൻ വലിക്കേണ്ടതാണു്.

ശ്രീ. എ. ജെ. ജോൺ: സർ, ഈ ബില്ലിൽ ഹിന്ദു റിലിജിയസ് എൻഡോമെൻറ് ആക്ട് അനുസരിച്ചുള്ള വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനു് ആവശ്യമുള്ള സംഗതികൾ ചേർത്തിട്ടില്ലെന്നാണു് മിസ്റ്റർ കളത്തിൽ വേലായുധൻ നായർ പ്രസ്താവിച്ചതു്. ഹിന്ദു റിലിജിയസ് എൻഡോമെൻറ് ആക്ടിൽതന്നെ കിട്ടാനുള്ളതെല്ലാംതന്നെ റവന്യൂ റിക്കവറി ആക്ടു് അനുസരിച്ചു് ഈടാക്കണമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ടു്. വ്യക്തമായ വ്യവസ്ഥ ഇല്ലെന്നാണു് മി. വേലായുധൻ നായർ പ്രസ്താവിച്ചതു്. അതിനു എനിക്കു പറയാനുള്ളതു് ഈ ബില്ലിൽതന്നെ സെക്ഷൻ നാല ചേർത്തിട്ടുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്. "The Government may declare by Notification in the Gazette that the provisions of this Act shall be applicable to the recovery of amounts due from any person to any specified class or classes of institutions and thereupon all the provisions of this Act shall be applicable to such recovery."

എന്നാൽ ദേവസ്വം അധികാരികൾക്കു് ഇതുപോലെയുള്ള അധികാരങ്ങൾ കൊടുക്കണമോ വേണ്ടയോ എന്നുള്ളതു് ആലോചനാവിഷയമാക്കേണ്ട ഒരു സംഗതിയാണു്. അതേപ്പറ്റി ഗവർമ്മെണ്ടു ഖണ്ഡിതമായ ഒരു തീരുമാനവും ചെയ്തിട്ടില്ല.

ശ്രീ. ജ്ഞാനശിഖാമണി, നിലവിലുള്ള ആക്ടിലെ ചില വ്യവസ്ഥകൾ ഈ ബില്ലിൽ ഇല്ലെന്നു പ്രസ്താവിക്കുകയുണ്ടായി. അതിനു് അദ്ദേഹം പറഞ്ഞതു് സാധാരണ ഡിമാൻഡ് നോട്ടീസ് അയക്കുന്നതു് മരിച്ചാളിന്റെ പേരിലാണെന്നാണു്. അതു സംബന്ധിച്ചു് എനിക്കു പറയാനുള്ളതു് എല്ലാ കാര്യങ്ങളും റവന്യൂ അധികാരികളുടെ മേൽതന്നെ വച്ചാൽ പോരെന്നും പട്ടാദാർ മരിച്ചാൽ അതിന്റെ അവകാശികളുടെ പേരിൽ പോക്കുവരവുചെയ്യണമെന്നുള്ളതു് വസ്തു ഉടമസ്ഥന്മാർ അറിഞ്ഞിരിക്കേണ്ട സംഗതിയാണെന്നുമാണു്. മരിച്ചുകഴിഞ്ഞാൽ ഉടൻതന്നെ അവകാശികളുടെ പേരിൽ പോക്കുവരവുചെയ്യാൽ മരിച്ച ആളുകളുടെ പേരിൽ ഡിമാൻഡുനോട്ടീസു് അയയ്ക്കുന്നതിനു ഇടവരുകയില്ല. വസ്തു ഉടമസ്ഥൻ മരിച്ചശേഷം എട്ടും പത്തും കൊല്ലം പോക്കുവരവു ചെയ്യാതിരുന്നാൽ റവന്യൂ അധികാരികൾക്കു് അങ്ങനെയുള്ള വിവരങ്ങൾ അന്വേഷിച്ചറിയുന്നതിനു് സാധിക്കാതെ വരുന്നതാണു്. അതുകൊണ്ടു് ഇവക കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു് വസ്തു കൈവശമുള്ള ഉടമസ്ഥന്മാർ അതിന്റെ പട്ടാദാരന്മാർ മരിച്ചാൽ അതിനുവേണ്ട സത്വരനടപടികൾ നടത്തേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് അദ്ദേഹം പറഞ്ഞതു് അപ്പീലിലോ റിവിഷനിലോ ഇരിക്കുമ്പോൾ അപ്പീൽ കൊടുത്ത ആൾ മരിച്ചുപോകുകയാണെങ്കിൽ അതിന്റെ അവകാശികളെ കക്ഷിചേർക്കുന്നതിനു് ഈ ബില്ലിൽ യാതൊരു വ്യവസ്ഥയും ഇല്ലെന്നാണു്. അതു് അത്ര ശരിയാണെന്നു എനിക്കു തോന്നുന്നില്ല. ലാൻഡ് ഹോൾഡർ എന്നുള്ളതിന്റെ ഡഫനിഷനിൽ ഇങ്ങനെയാണു് പറഞ്ഞിരിക്കുന്നതു്. "Land holder" means the registered holder for the time being of any land, and includes his legal representatives and assigns."

ആ സ്ഥിതിക്കു് അപ്പീൽ കൊടുത്ത ആൾ മരിച്ചുപോയാൽ അവകാശികൾക്കു കക്ഷിചേർന്നുകിട്ടുന്നതിനു് യാതൊരു തടസ്സവും ഉണ്ടാവുന്നതല്ല. എന്നാൽ അതിനു് വ്യക്തമായ വല്ല വ്യവസ്ഥയും വേണമെങ്കിൽ സെലക്ഷൻകമ്മിറ്റിക്കു് ചെയ്യാവുന്നതാണു്. അതുകൊണ്ടു് ഈ ബിൽ സെലക്ടുകമ്മിറ്റിക്കു് അയക്കണമെന്നും സാധാരണഗതിയിൽ കമ്മിറ്റി റിപ്പോർട്ടുചെയ്യണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

The motion was put and adopted.

The Travancore-Cochin Public Accountants Bill

Minister for Finance and Revenue: **(Sri. A. J. John:)** Sir, I beg to introduce the Travancore-Cochin Public Accountants Bill.

Chief Minister: **(Sri. T. K. Narayana Pillai):** I second it.

Mr. Speaker: The Travancore-Cochin Public Accountants Bill is introduced.

ശ്രീ. എ. ജെ. ജോൺ: സർ, ഈ ബിൽ മറ്റു സെലക്ടുകമ്മിറ്റിക്കു അയയ്ക്കണമെന്നും സെലക്ടുകമ്മിറ്റി സാധാരണ ഗതിയിൽ അതു് റിപ്പോർട്ടു ചെയ്യണമെന്നുമാണു് എനിക്കു് ഇവിടെ അഭിപ്രായപ്പെടുവാനുള്ളതു്. ഈ ബില്ലിന്റെ ഉദ്ദേശം ശവമ്മെണ്ടുക പണം ഏതെങ്കിലും ഉദ്യോഗസ്ഥന്റെ കൈവശം ഇരിക്കുകയും അതു മരിച്ചുപോയ ആൾക്കു അവകാശപ്പെട്ടതുകയും ചെയ്യുകയാണെങ്കിൽ അതു് ഈടാക്കുന്നതിനു് വേണ്ട മാർഗ്ഗങ്ങൾ നിർണ്ണയിക്കുക എന്നുള്ളതാണു്. ഇപ്പോൾതന്നെ തിരുവിതാംകൂറിൽ ഫ ാ വ ാ ലെ ട്രാവൻകൂർ പബ്ലിക് അക്കൌണ്ടൻസ് ആക്ടു് എന്നു് ഒന്നുണ്ടു്. അതു് ഇൻഡ്യയിലുള്ള ആക്ടിനെ അടിസ്ഥാനമാക്കിയുള്ളതാണു്. തിരുവിതാംകൂറിൽ ഉള്ള ആക്ടിലെ വ്യവസ്ഥകളെ അടിസ്ഥാനമാക്കിയാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്.

സെലക്ടുകമ്മിറ്റിയിലേക്കു് താഴെ പറയുന്ന അംഗങ്ങളുടെ പേരുകൾ ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു.

൧. ശ്രീ. പി. എസ്സു്. നടരാജപിള്ള
൨. ,, കണ്ണാറ ഗോപാലപ്പണിക്കർ
൩. ,, ശ്രീ. വി. ടാസു്
൪. ,, എം. കെ. മേനോൻ
൫. ,, കെ. എം. കോര
൬. ,, പി. കെ. പോൾ
൭. ,, കെ. കുട്ടപ്പൻ
൮. സാഹിബു് ബഹദൂർ അബ്ദുൽ അസീസു്

സെലക്ടുകമ്മിറ്റിയുടെ കോറം നാലായിരിക്കുന്നതാണു്.

Sri. D. Gnanasigamoni : I oppose this Bill. This is an ineffective attempt to keep alive an out-of-date piece of legislation which stands abrogated with the coming into effect of the Indian Constitution.

LIBRARY ARCHIVES Kerala Legislative Assembly